പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3510 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **ബേപ്പൂർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് സ്കീമിൽ അംഗൻവാടി നിർമ്മിക്കാനുള്ള നടപടി** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ.എളമരം കരീം | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സംസ്ഥാനത്ത് എത്ര അംഗൻവാടികൾ നിർമ്മിക്കുകയും പുന:നിർമ്മിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായതുമായ 700 അംഗൻവാടികളുടെ പുനർനിർമ്മാണത്തിന് ബന്ധപ്പെട്ട എസ്.എൽ.ഇ.സിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഐ.ആർ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി അംഗൻവാടി നിർമ്മിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (ബി) ഒരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് സഹിതം പ്രോഗ്രാം ഓഫീസർമാർമാരുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ ബന്ധപ്പെട്ട എം.എൽ.എ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ